പ്ലാച്ചിമട നിയമം

208 (T*900) ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട നിയമത്തിന്റെ നടത്തിപ്പിൽ നിലനിൽക്കുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്ലാച്ചിമട പ്രദേശത്ത് കൊക്കോകോള കമ്പനിയുടെ പ്രവർത്തനംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധമായ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ നിയമോപദേശം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ "പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് & കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011" - ന്റെ കരട് ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതി നിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ട്രിബ്യൂണലിനെ സമീപിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസ്തുത കരട് ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെതന്നെ നിരാകരിക്കുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ ഈ നിർദ്ദേശത്തിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലക്കാട് ജില്ലയിലെ പ്ലാച്ചിമട പ്രദേശത്ത് കൊക്കകോള കമ്പനി പ്രവർത്തിച്ചതിന്റെ ഫലമായി അവിടെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സർക്കാർ ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ജലവിഭവം, ആരോഗ്യം, കാർഷികം തുടങ്ങിയ മേഖലകളിൽ നടത്തിയ പഠനത്തിൽ 216.26 കോടി രൂപയുടെ നഷ്ടം വിലയിരുത്തുകയുണ്ടായി. ഹൈപവർ കമ്മിറ്റി വിവിധ മേഖലകളിൽ കണക്കാക്കിയ നഷ്ടം താഴെ ചേർക്കുന്നു :

കൃഷിനാശം	-	84.16 കോടി
ജലവിതരണം	-	20 "
ആരോഗ്യ മേഖല	-	30 "
തൊഴിൽ മേഖല	-	20 "
ജലമലിനീകരണം	-	62.10 "
ആകെ	-	216.26 "

(സി) ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സർക്കാർ ആരാഞ്ഞിരിക്കുകയാണ്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കടിവെള്ളം

209 (901) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനോലി കനാലിലെ വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് തകർന്നതുമൂലം ആയിരക്കണക്കിന് കുടുംബങ്ങളുടെ ശുദ്ധജലലഭ്യത ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.എസ്.ഐ.എൻ.ഡി.-യുടെ കീഴിൽവരുന്ന പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് അടുത്ത ആർ.ഐ.ഡി.എഫ്. ഫണ്ടിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly